ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ കീഴിലുള്ള ട്രെയിനിംഗ് സെന്ററുകളിൽ കൃത്യമായി പരീക്ഷ നടത്താൻ നടപടി

152 [751] ശ്രീ. സ്റ്റീഫൻ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ കീഴിൽ എത്ര ട്രെയിനിംഗ് സെന്ററുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത ട്രെയിനിംഗ് സെന്ററുകളിൽ കമ്പ്യൂട്ടർ പഠനത്തിനായി നിലവിൽ എത്ര കോഴ്സുകളാണ് ഉള്ളത്;

(സി) ഈ സെന്ററുകളിൽ പരിശീലനം നേടുന്നവർക്ക് യഥാസമയം പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ അനാസ്ഥ കാട്ടുന്നതിനെക്കുറിച്ച് അന്വേഷിക്കാമോ;

(ഡി) യഥാസമയം പരീക്ഷ നടത്തുവാനും പരിശീലകർക്ക് സർട്ടിഫിക്കറ്റ് നൽകുവാനും ബന്ധപ്പെട്ടവർക്ക് അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 16 (പതിനാറ്).

(ബി) 19 (പത്തൊൻപത്).

(സി)യും (ഡി)യും സെന്റർ നടത്തുന്ന പരീക്ഷകൾക്ക് കൃത്യസമയത്ത് തന്നെ ഫലം പ്രഖ്യാപിച്ച് സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. ആറുമാസക്കാലം സർട്ടിഫിക്കറ്റ് കോഴ്സുകളുടേയും, ഒന്നര വർഷക്കാല പി. ജി. ഡി. സി. എ. കോഴ്സുകളുടെയും പരീക്ഷ നടത്തുന്നത് സാങ്കേതിക പരീക്ഷാ കൺട്രോളറാണ്. ഈ പരീക്ഷകൾ നടത്തുന്നതിലും, സർട്ടിഫിക്കറ്റ് നൽകുന്നതിലും കാലതാമസം ഉണ്ടാവാറുണ്ട്. ഇതു പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകുന്നതാണ്.

തൃപ്പൂണിത്തുറ ആർ. എൽ. വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈൻ ആർട്സിലെ അദ്ധ്യാപക ഒഴിവുകൾ നികത്താൻ സത്വര നടപടി

153 [752] ശ്രീ. സി. മോയിൻകുട്ടി:

,, പി. കെ. കെ. ബാവ:

,, സി. മമ്മൂട്ടി:

,, കളത്തിൽ അബ്ദുള്ള:

,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്വാളിജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടറേറ്റിന്റെ കീഴിൽ തൃപ്പൂണിത്തുറ ആർ. എൽ. വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈൻ ആർട്സിൽ എത്തെല്ലാം ഡിഗ്രി, പി. ജി. കോഴ്സുകൾ നടത്തുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കോളേജിൽ സ്കൾപ്ച്ചർ ഡിപ്പാർട്ടുമെന്റിൽ ഇതുവരെയും സ്ഥിര അദ്ധ്യാപകനെ നിയമിച്ചിട്ടില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കോളേജിലെ അദ്ധ്യാപക ഒഴിവുകൾ നികത്താൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ബി. എ. ഡിഗ്രി കോഴ്സുകൾ

(1) വോക്കൽ മ്യൂസിക്
(2) വീണ
(3) വയലിൻ
(4) മൃദംഗം
(5) ഭരതനാട്യം
(6) മോഹിനിയാട്ടം
(7) കഥകളി വേഷം
(8) കഥകളി സംഗീതം
(9) കഥകളി ചെണ്ട
(10) കഥകളി മദ്ദളം
(11) പെയിന്റിംഗ്
(12) സ്കൾപ്ച്ചർ
(13) അപ്ലൈഡ് ആർട്ട്

പോസ്റ്റ് ഡിഗ്രി കോഴ്സുകൾ (എം. എ. കോഴ്സുകൾ)

(1) വോക്കൽ മ്യൂസിക്
(2) ഭരതനാട്യം
(3) മോഹിനിയാട്ടം
(4) വീണ
(5) വയലിൻ
(6) മൃദംഗം
(7) കഥകളി വേഷം
(8) കഥകളി സംഗീതം
(9) ഡ്രായിംഗ് ആന്റ് പെയിന്റിംഗ്
(10) സ്കൾപ്ച്ചർ
(11) അപ്ലൈഡ് ആർട്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. സ്പെഷ്യൽ റൂൾസിന്റെ അഭാവത്താലാണ് ഈ അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത്. നിലവിൽ മൂന്ന് ഗസ്റ്റ് ലക്ചർമാർ സ്കൾപ്ച്ചർ വിഭാഗത്തിൽ ജോലി ചെയ്യുന്നു.

(സി) പി. എസ്. സി. വഴി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന് നടപടികൾ

154 [753] ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കേന്ദ്രം എന്ത് തുക അനുവദിച്ചു;

(സി) അനുവദിച്ച തുകയിൽ എന്തു തുക ചെലവായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരമ്പരാഗത രീതിയിൽ ഒരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. നിലവിലുള്ള കേരള എഡ്യൂക്കേഷൻ ഗ്രിഡ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്, എഡ്യൂസാറ്റ്, നിർദ്ദിഷ്ട വെർച്വൽ യൂണിവേഴ്സിറ്റി എന്നിവ ഒരു നേതൃത്വത്തിൻകീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഉദ്ദേശവും ഇതിലൂടെ നിർവ്വഹിക്കാൻ കഴിയുമെന്നാണ് പ്രത്യാശിക്കുന്നത്. ഇതിനായി ഒരു പ്രോജക്ട് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ചർച്ചകളും പരിശോധനകളും ആവശ്യമാണ്. അതിനുശേഷം മാത്രമേ തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ.

(ബി)യും (സി)യും കേന്ദ്രം തുകയൊന്നും അനുവദിച്ചിട്ടില്ല.

യൂണിവേഴ്സിറ്റികളിൽ ഉയർന്ന തസ്തികകൾ നികത്തുന്നതിനുള്ള നടപടി

155 [754] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ ഉയർന്ന തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) അവ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിൽ വൈസ് ചാൻസലർമാർ, പ്രോ-വൈസ് ചാൻസലർമാർ, പരീക്ഷാ കൺട്രോളർമാർ, രജിസ്ട്രാർമാർ എന്നിവരുടെ ഒഴിവുള്ള തസ്തികകൾ നികത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly